# ഗവൺമെന്റ് എൽ പി എസ് അയ്യപ്പൻചേരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025- 26**

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

ചേർത്തല ഉപജില്ല



# <u>ഉള്ളടക്കം</u>

1.ആമുഖം

2. വിദ്യാലയ ചരിത്രം

3.വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

4.വിദ്യാലയ വികസന ലക്ഷ്യങ്ങളും മേഖലകളും

5.വിദ്യാലയ വികസന കാഴ്ചപ്പാട്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025

ജി എൽ പി എസ് അയ്യപ്പൻ ചേരി , ചെറുവാരണം

**ആമുഖം**

സമഗ്ര ഗുണമേന്മ പദ്ധതിയുമായി സർക്കാർ പൊതു വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. . കുട്ടികളുടെ സമഗ്രമായ വികസനമാണ് ലക്ഷ്യം .അതോടൊപ്പം തന്നെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുകയും ചെയ്യുന്നു. .ഓരോ വിദ്യാലയവും അതിന്റെ സാഹചര്യങ്ങൾക്കനു,രിച്ച് ഈ പദ്ധതി രൂപപ്പെടുത്തി വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സ്വതന്ത്രവും, സുരക്ഷിതവുംശിശു സൗഹൃദപരവുമായ അന്തരീക്ഷം ഉറപ്പുവരുത്തി വിദ്യാലയത്തെ മികവുറ്റതാക്കുവാൻ S.M.C യോട് ചേർന്ന് നിന്ന് ഈ പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നു .........

## വിദ്യാലയ ചരിത്രം

1909 ജൂലൈ 23 ന് ആണ് സ്കൂൾ സ്ഥാപിതമായത് .മോവന കുടുംബത്തിലെ കാരണവർ 54 സെന്റ് സ്ഥലം സ്കൂളിന് വേണ്ടി ദാനമായി നൽകി . ആദ്യകാലത്ത് ഓല ഷെഡ്ഡ് ആയിരുന്നു ഉണ്ടായിരുന്നത് .നൂറു കുട്ടികളുമായാണ് വിദ്യാലയം പ്രവർത്തനമാരംഭിച്ചത് . വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന വിവിധ സാമ്പത്തിക സഹായങ്ങൾ ഉപയോഗപ്പെടുത്തി ഇന്നത്തെ കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കി .ഉള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി തന്നിട്ടുള്ളത് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ആണ് .ധാരാളം ആളുകൾക്ക് വിദ്യപകർന്ന് നൽകിയ വിദ്യാലയം ആണിത് . ശ്രീ പത്മനാഭൻ വൈദ്യർ , പ്രമുഖ സംസ്കൃത പണ്ഡിതൻ ഡോക്ടർ ജയദേവൻ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ നാസർ , കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ മുൻ ചെയർമാൻ ശ്രീ.ടി.പുരുഷോത്തമൻ തുടങ്ങിയവർ ഇതിൽ ചിലർ മാത്രമാണ് .

## വിദ്യാലയ വികസന ലക്ഷ്യങ്ങളും മേഖലകളും

### പൊതുലക്ഷ്യങ്ങൾ

1.മറ്റു വിദ്യാലയങ്ങളോട് കിട പിടിക്കുന്ന രീതിയിൽ കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കുന്ന മികവിന്റെ കേന്ദ്രമാക്കി സ്കൂളിനെ മാറ്റുക .

2.മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുക.

3.പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പഠനം എളുപ്പവും രസകരവും ആക്കുക .

4.കൃഷി , ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ -കുട്ടികളെ പങ്കാളികളാക്കുക .

5. നൂതന ആശയങ്ങൾ ഉൾക്കൊണ്ട് സ്കൂളിനെ മികച്ച ശിശു സൗഹൃദ വിദ്യാലയമാക്കി നിലനിർത്തുക .

6.ഭിന്നശേഷി സൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക .

## <u>വിദ്യാലയ വികസന മേഖലകൾ - വാർഷിക പദ്ധതി</u>

1.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എല്ലാവർക്കും .

2.ശുചിത്വ സുന്ദര ശിശു സൗഹൃദ വിദ്യാലയം .

3.ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം

4.ഐ സി ടി , എ ഐ , സാങ്കേതികവിദ്യകൾ പഠന പ്രവർത്തനങ്ങളിൽ ....

5.ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ .

6.നിരന്തര മൂല്യനിർണയവും -പഠന പിന്തുണയും .

7.കലാ -കായിക - പ്രവർത്തി പരിചയം സമഗ്ര വികസനം

8.ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ പഠന യാത്രകൾ --

9. പുസ്തക വായന പരിപോഷണം .

10.ലഘു പരീക്ഷണങ്ങൾ - കുട്ടികൾക്കായി

11.ഗണിത ശേഷി വികാസം.

12. സമൂഹ പങ്കാളിത്തം .

# വിദ്യാലയ വികസന കാഴ്ചപ്പാട്

<u>അക്കാദമികം</u>

1. പ്രവേശനോത്സവം

2. അധിക പഠന പരിപാടി (3-13 ജൂൺ )

3.ഒന്നൊരുക്കം ( ഒന്നാം ക്ലാസിൽ )

4.അസംബ്ലി അച്ചടക്ക പരിപോഷണം

5.മാഗസിനുകൾ , പതിപ്പുകൾ

6.വിദ്യാരം കലാസാഹിത്യ വേദി

7.ഇംഗ്ലീഷ് - കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് - പഠനം

8.യൂണിറ്റ് ടെസ്റ്റ്

9.എസ് എം സി - എക്സിക്യൂട്ടീവ് മാസത്തിൽ ഒന്ന് എങ്കിലും

10.SMC-ജെനറൽ ബോഡി - വർഷത്തിൽ 3 എങ്കിലും .

11.ക്ലബ് പ്രവർത്തനങ്ങൾ.

12.പഠനോപകരണ നിർമ്മാണ ശിൽപ്പശാല .

13.ബോധവൽക്കരണ ക്ലാസുകൾ -കുട്ടികൾക്ക് - രക്ഷകര്താക്കൾക്ക്.

14.ലൈബ്രറി -വീട്ടിലെ ലൈബ്രറി -സ്കൂൾ ലൈബ്രറി .

15.ദിനാചരണങ്ങൾ -കലണ്ടർ (അക്കാദമിക് ).

16.വായന ലേഖനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള ക്ളാസ് തല പ്രവർത്തനങ്ങൾ .

17.കലാ കായിക പ്രവർത്തനങ്ങൾ.

18.അധ്യാപക ശാക്തീകരണം .

## ഭൗതികം

പൂന്തോട്ട നിർമ്മാണം നിർമ്മാണം

പച്ചക്കറിത്തോട്ടം നിർമ്മാണം

പുതിയ പാചകപ്പുര നിർമ്മാണം

കളിപ്പാട്ടങ്ങൾ - കളി ഉപകരണങ്ങൾ സംഘടിപ്പിക്കൽ

ഇന്റർ നെറ്റ് സംവിധാനം

പ്രിന്റർ

കളിസ്ഥലം

ബയോഗ്യാസ് പ്ലാന്റ്

കമ്പോസ്റ്റ് യൂണിറ്റ്

അസംബ്ലി ഹാൾ

## സാമൂഹികം

പ്രവേശനോത്സവം

ക്ലാസ് പിടിഎ -എല്ലാ മാസവും - കുട്ടികളുടെ തിരഞ്ഞെടുത്ത മികവ് പ്രദർശനം .

എസ് എം സി -എക്സിക്യൂട്ടീവ് മാസത്തിൽ ഒരിക്കൽ .

എസ് എം സി ജനറൽ ബോഡി വർഷത്തിൽ മൂന്ന്

ഗൃഹ സന്ദർശനം

അമ്മ വായന

ആഘോഷങ്ങൾ വിപുലമാക്കൽ

വാർഷികാഘോഷം

പ്രാദേശിക വിദഗ്ധരുടെ സേവനം

പൂർവ്വ വിദ്യാർത്ഥി സംഗമം

പൂർവ്വ അധ്യാപക സംഗമം

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| പ്രവേശനോത്സവം | എസ് ആർ ജി , എസ് എം സി കൂടി തീരുമാനിക്കുന്നു | 2025 മെയ് രണ്ടാം വാരം മുതൽ ജൂൺ രണ്ടുവരെ | വാർഡ് മെമ്പർ , എസ് എം സി , ഹെഡ്മാസ്റ്റർ , അധ്യാപകർ . |
| പ്രീ ടെസ്റ്റ് | കുട്ടികളുടെ നിലവിലെ അവസ്ഥ കണ്ടെത്തുന്നതിന് സ്കൂൾതലത്തിൽ ടെസ്റ്റ് നടത്തുന്നു | 2025 ജൂൺ അവസാനവാരം | അധ്യാപകർ |
| എസ് ആർ ജി . | എസ് ആർ ജി യിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ മുൻകൂട്ടി തീരുമാനിക്കുക . ഓരോ ആഴ്ചയിലെയും അവസാന ദിവസം എസ് ആർ ജി ചേരുക . | എല്ലാ ആഴ്ചയിലും | ഹെഡ്മാസ്റ്റർ , എസ് ആർ ജി കൺവീനർ |
| ക്ലാസ് പിടിഎ . | പിടിഎയിൽ കുട്ടികളുടെ മികവുകൾ , മെച്ചപ്പെടുത്തേണ്ട ശേഷികൾ , പ്രശ്നങ്ങൾ ഇവ ചർച്ച ചെയ്യുന്നു | എല്ലാ മാസവും | ക്ലാസ് അധ്യാപകർ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | വിവിധ ക്ലബ്ബുകളുടെ മീറ്റിങ്ങുകൾ സംഘടിപ്പിക്കുക , പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക | എല്ലാ മാസങ്ങളിലും | ക്ലബ്ബ് കൺവീനർ |
| അസംബ്ലി | പ്രസംഗം പത്രവാർത്ത ,ജി | എല്ലാ ദിവസവും | ക്ലാസ് അധ്യാപകർ |

| | | | |
|---|---|---|---|
| | കെ , കവിത , മഹത്വചനം ,ഇംഗ്ലീഷ്അസംബ്ലി | | |
| കുട്ടികളുടെ പത്രം | ക്ലാസ്സ് തലത്തിൽ വാർത്തകൾ - നാട്ടുവാർത്തകൾ , വിജ്ഞാനം വിനോദം - ഇവർ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുക | മാസത്തിൽ ഒന്ന് | എസ് ഐ ടി സി |
| മാഗസിനുകൾ, പതിപ്പുകൾ | ക്ലാസ് തലത്തിൽ പാഠഭാഗവുമായി ബന്ധപ്പെട്ട മാഗസിനുകൾ പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു | മാസത്തിൽ ഒന്ന് | ക്ലാസ്സ് അധ്യാപകർ |
| ബാലസഭ | രക്ഷിതാക്കളെ ഉൾപ്പെടുത്തി പറ്റാനുബന്ധ പ്രവർത്തനങ്ങൾ അവതരിപ്പിക്കുക | ഓരോ ടേമിലും ഒന്ന് | ബാല സഭ കൺവീനർ |
| വായന ലേഖനം എന്നിവ മെച്ചപ്പെടുത്തൽ | പഠന പിന്നാക്കാവസ്ഥയിലുള്ളവരെ കണ്ടെത്തി പ്രത്യേക സമയം കണ്ടെത്തി നടപ്പിലാക്കുക | ഓരോ ആഴ്ചയിലും ആവശ്യമുള്ള ദിവസങ്ങൾ | ക്ലാസ് അധ്യാപകർ |
| യൂണിറ്റ് ടെസ്റ്റ് | യൂണിറ്റ് തീരുന്ന പ്രകാരം | മാസ അവസാനം | ക്ളാസ് അധ്യാപകർ |
| പഠനോപകാരണ നിർമ്മാണ ശിൽപ്പശാല | അവധി ദിവസങ്ങളിൽ വിദഗ്ദ്ധരുടെ സഹായത്താൽ | ഓരോ ടേമിലും ഒന്ന് | എസ് ആർ ജി കൺവീനർ ,ഹെഡ് മാസ്റ്റർ |
| ഗവേഷക പ്രവർത്തനങ്ങൾ | കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുതകുന്ന | ഒരു ടേമിലും ഒന്ന് | ക്ലാസ് അധ്യാപകർ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ ദീർഘ നാളത്തേക്ക് ആസൂത്രണം ചെയ്തു നടപ്പിലാക്കുക | | |

1.സ്മാർട്ട് ക്ലാസ് മുറികൾ പരമാവധി പ്രയോജനപ്പെടുത്തുക .

2.പിന്നാക്ക അവസ്ഥയിൽ ഉള്ള കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ നൽകുക .

3.ക്ലാസ് ലൈബ്രറി പരമാവധി ഉപയോഗിക്കുക

4.അക്കാദമിക നിലവാരം ഉയർത്തുന്നതിനും സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും റേഡിയോ ക്ലബ്ബ് പ്രവർത്തനം ആരംഭിക്കുക

5. മഴക്കാലത്തിനു ശേഷം എല്ലാ ദിവസവും അസംബ്ലി-ആഴ്ചയിൽ ഒരു ഇംഗ്ലീഷ് അസംബ്ലി .

6.കലാകായിക പ്രവർത്തി പരിചയമേളകൾക്ക് പരിശീലനം.

7.എൽ എസ്എസ്സ് പരിശീലനം

8.വിജ്ഞാനോത്സവം അക്ഷരമുറ്റം - പരിശീലനം .

9. ക്ലബ്ബ് പ്രവർത്തനങ്ങൾ .

10.സെമിനാർ ശില്പശാലസംഘടിപ്പിക്കൽ .

11.പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തൽ .

12.സിഎംസി,സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ വിദ്യാലയത്തിനകത്തും പുറത്തും കാർഷിക പരിസ്ഥിതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക .

13.സ്കൂൾ മാഗസിൻ തയ്യാറാക്കുക

14.ആഗോള താപനത്തിനെതിരെ വൃക്ഷ തൈകൾ നാട്ടു പിടിപ്പിക്കുക,ബോധവൽക്കരണം നടത്തുക.

**പോരായ്മകൾ**

1.കലാ പ്രവർത്തി പരിചയ പരിശീലനത്തിന് മുറി ഇല്ല,സാമഗ്രികൾ ഇല്ല .

2.കെ ജി വിഭാഗത്തിന് ആവശ്യമായ കളി ഉപകരണങ്ങൾ ഇല്ല .

3.കെ ജിയുടെ ഒരു ക്ലാസ് മുറിയിൽ പ്രൊജക്ടർ ഇല്ല.

4.കമ്പ്യൂട്ടറുകൾ എല്ലാം തന്നെ പഴയതായി കഴിഞ്ഞു

5.ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിങ് ഹാൾ ഇല്ല .

6.പാചകപ്പുരയുടെ അവസ്ഥ ശോചനീയമാണ് .

7.സ്റ്റേജ് അസംബ്ലി ഹാൾ ഇവ ഇല്ല.

8.കായിക അധ്യാപകന്റെയും,കലാ അധ്യാപകന്റെയും സേവനം ലഭ്യമല്ല.

9.ഇന്റർനെറ്റ് സൗകര്യം ഇപ്പോൾ സ്കൂളിൽ ഇല്ല .

10.സ്കൂൾ ലൈബ്രറി മുറി ഇല്ല .

| വിഭാഗം ഇനി | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| കെ ജി ക്ലാസ് മുറി | 2 | 0 |
| എൽപി ക്ലാസ് മുറി | 4 | 0 |
| ലൈബ്രറി മുറി | 0 | 1 |
| പാചകപ്പുര | കേടായത് 1 | 1 |
| സ്റ്റോർ മുറി | 0 | 1 |
| സ്മാർട്ട് ക്ലാസ്സ് മുറി | 5 | 1 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 4 | 0 |
| പെൺകുട്ടികളുടെ ോയ്‌ലറ്റ് | 4 | 0 |
| കുടിവെള്ള സൗകര്യം | ബോർവെൽ, ജപ്പാൻ കുടി വെള്ളം, മഴവെള്ള സംഭരണി . | RO PLANT |
| അസംബ്ലി ഹാൾ | 0 | 1 |
| സ്റ്റേജ് | 0 | 1 |
| | | |
| | | |

എൽ പി വിഭാഗത്തിന് ഹെഡ്മാസ്റ്റർ ഉൾപ്പെടെ നാല് അധ്യാപകർ ഉണ്ട്. ക്ലാസ് ടീച്ചർ സമ്പ്രദായം ആയതിനാൽ എല്ലാ വിഷയങ്ങളും അതാത് ക്ലാസ് അധ്യാപകർ തന്നെയാണ് ക്ലാസ് എടുക്കുന്നത്. അധ്യാപകരുടെ നേതൃത്വത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് .സ്കൂളിലെ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ക്ലാസ് ലൈബ്രറി പ്രവർത്തിക്കുന്നുണ്ട് .ആഴ്ചയിൽ ഒരിക്കൽ എസ്ആർജിയിൽ അക്കാദമിയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു വരുന്നു കമ്പ്യൂട്ടറുകളിൽ പലതും പഴയതായി കഴിഞ്ഞിരിക്കുന്നു . എങ്കിലും പരമാവധി ഐസിടി സാധ്യതകൾ ക്ലാസുകളിൽ പ്രയോജനപ്പെടുത്തി കൊണ്ടിരിക്കുന്നു .കെ ജി വിഭാഗത്തിൽ രണ്ട് അധ്യാപികമാർ ജോലി ചെയ്തു വരുന്നു .സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനായി ഒരു മീനിയൽ സ്റ്റാഫും പ്രവർത്തിക്കുന്നു.

.ഉച്ചഭക്ഷണം വളരെ നല്ല രീതിയിൽ പാചകം ചെയ്തു കൊണ്ട് ഒരു കുക്കും നന്നായി പ്രവർത്തിച്ചുവരുന്നു .

**ക്ലാസ് പി ടി എ**

എല്ലാ മാസവും ക്ലാസ് പി ടി എ നടത്തുന്നു . കുട്ടികളുടെ മികവും പോരായ്മകളും അവതരിപ്പിക്കുന്നു. പോരായ്മകൾ പരിഹരിക്കുന്നതിന് രക്ഷകർത്താക്കളുമായി ചർച്ച നടത്തുന്നു .പഠന പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ ചെയ്യേണ്ട കാര്യങ്ങൾ രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്നു . കുട്ടികൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു .

**എസ് .എം .സി**

മാസത്തിലോ, അത്യാവശ്യ സന്ദർഭങ്ങളിലോ എസ് .എം. സി കൂടുന്നു. 15 അംഗങ്ങൾ ആണ് എസ് എം സി യിലുള്ളത് .ക്രിയാത്മകമായ പ്രവർത്തനങ്ങൾ എസ് .എം. സി അംഗങ്ങൾ കാഴ്ചവയ്ക്കുന്നു. സജീവമായി ചർച്ച നടത്തുകയും പ്രായോഗികമായ തീരുമാനങ്ങൾ എടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു .അജണ്ട അനുസരിച്ച് യോഗം കൂടി ചർച്ച ചെയ്യുന്നു തീരുമാനങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നു .സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും എസ്. എം .സി അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു .

**പൂർവ്വ വിദ്യാർത്ഥി സംഗമം**

സ്കൂളിൻെറ വികസനവുമായി ബന്ധപ്പെട്ട് പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം നടത്തുന്നു.

**.. പ്രശ്നങ്ങൾ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമീണ മേഖലയിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് .മഴക്കാലമായാൽ പെയ്യുന്ന വെള്ളം മുഴുവനും സ്കൂളിന്റെ മുറ്റത്ത് തളം കെട്ടിനിൽക്കുന്ന അവസ്ഥയാണ് .ഗ്രൗണ്ടിൽ കെട്ടിനിൽക്കുന്ന വെള്ളം ടോയ്‌ലറ്റുകളുടെ ടാങ്കുകളുടെ പ്രവർത്തനം താറുമാറാക്കുന്നു .ക്ഷുദ്രജീവികളുടെ പ്രവർത്തനങ്ങൾ മൂലം നിലവിലുള്ള പാചകപ്പുരയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് .പച്ചക്കറികൾ ചെറിയതോതിൽ വളർന്നുവന്നിട്ടുണ്ടെങ്കിലും നല്ല ഒരു പച്ചക്കറിത്തോട്ടത്തിന്റെ അഭാവം സ്കൂളിലുണ്ട് .കെട്ടിടത്തിലെ സീലിംഗുകൾ തകരാറിലാണ്, അവ മാറ്റി സ്ഥാപിക്കണം.

സ്കൂളിൽ ഇന്റർനെറ്റ് സൗകര്യം പുനഃ സ്ഥാപിക്കണം.

സോളാർ പാനലിന്റെ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കണം.

പാചകപ്പുര നന്നാക്കി എടുക്കണം, അല്ലെങ്കിൽ പുതിയത് നിർമിക്കണം.

**വാർഷിക കലണ്ടർ**

| മാസം | പ്രവർത്ത്നങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൂൺ 5 | പരിഥിതി ദിനം.ചെടികളും, വൃക്ഷങ്ങളും നടുന്നു.ക്വിസ് | ജൂൺ 5 | SRG,SMC | SMC |
| ജൂൺ 19 | വായന ദിനം.വായന മത്സരം,അമ്മ വായന, | ജൂൺ 19 മുതൽ | SRG,SMC | SMC |
| ജൂൺ 26 | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. പോസ്റ്റർ രചന,വീഡിയോ പ്രദർശനം. | | | |
| ജൂലൈ 5 | ബഷീർ ദിനം ,കഥാപാത്ര അവതരണം ,ക്വി സ് | | SRG | SMC |
| ജൂലൈ 21 | ചാന്ദ്ര ദിനം വീഡിയോ പ്രദർശനം ചന്ദ്ര ദിന ക്വിസ് | | SRG,SMC | |
| ഓഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം, പതാക ഉയർത്തൽ ,പ താക നിർമാണം,ക്വി സ് | | SRG,SMC | SMC |
| സെപ്റ്റംബർ 1 | പൂർവ്വ വിദ്യാർ ത്ഥി സംഗമം<br>സ്കൂളിൻെറ വികസനവു മായി ബന്ധപ്പെട്ട് പൂർവ്വ വിദ്യാർ | | SMC | SMC |

| | | | | |
|---|---|---|---|---|
| | തഥികളുടെ സംഗമം നടത്തുന്നു. | | | |
| സെപ്റ്റംബർ 5 | അധ്യാപക ദിനം ഡോക്ടർ എസ് രാധാകൃഷ്ണനെ കുറിച്ചുള്ള ചിത്രങ്ങൾ കുറിപ്പുകൾ | | SRG,SMC | SRG,SMC |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി ,സേവന വാരം ഗാന്ധി ക്വിസ്,ശുചിയാക്കൽ ചിത്ര രചന | | SRG,SMC | SRG,SMC |
| നവംബർ 14 | ശിശുദിനം റാലി സമ്മേളനം,മധുരപലഹാര വിതരണം | | SRG,SMC | SRG,SMC |
| ഡിസംബർ 25 | ക്രിസ്തുമസ് കേക്ക് വിതരണം,ക്രിസ്തുമസ് അപ്പൂപ്പൻ | | | SRG,SMC |
| ജനുവരി 26 | റിപ്പബ്ലിക് ദിനം പതാക ഉയർത്തൽ,സമ്മേളനം,പരിപാടികൾ | | SRG,SMC | SRG,SMC |
| ജനുവരി 30 | രക്തസാക്ഷി ദിനം | | SRG,SMC | SRG,SMC |